KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank Vol.1 Issue.9 November 2021

## കേരള ബാങ്ക് വിദ്യാനിധി - നിക്ഷേപ പദ്ധതി ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു





കുട്ടികളുടെ നിക്ഷേപ പദ്ധതിയായ വിദ്യാനിധിയുടെ ഔപചാരികമായ ഉദ്ഘാടനം ബാങ്കിന്റെ രണ്ടാം വാർഷിക ദിനത്തിൽ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു. ആവശ്യക്കാരന് ഉപകരിക്കുന്ന തരത്തിൽ സമ്പത്ത് വിനിയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കണമെന്നും അതിനുതകുന്ന രീതിയിലാവണം കുട്ടികളിൽ സമ്പാദ്യശീലം വളർത്തേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു. കുട്ടികളുടെ ഭാവി ആവശ്യങ്ങൾക്ക് കുട്ടിയുടെ പേരിൽ നിക്ഷേപം നടത്താൻ കഴിയുമെന്നതാണ് കേരള ബാങ്കിന്റെ വിദ്യാനിധി പദ്ധതിയുടെ പ്രത്യേകത. വിദ്യാനിധി അക്കൗണ്ടിനോടൊപ്പം രക്ഷിതാക്കൾക്ക് പ്രത്യേക പ്രിവിലേജ് അക്കൗണ്ട് സൗകര്യവും ലഭിക്കുന്നു.

12 മുതൽ 16 വയസ്സു വരെ പ്രായമുള്ള കുട്ടികളിൽ സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കേരള ബാങ്ക് ആവിഷ്കരിച്ച പ്രത്യേക നിക്ഷേപ പദ്ധതി ആണ് കേരള ബാങ്ക് വിദ്യാനിധി. 7 മുതൽ 10 വരെ ക്ലാസിലെ കുട്ടികളുടെ സ്വന്തം പേരിൽ ഈ അക്കൗണ്ട് ആരംഭിക്കാം.




സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്ക് ആവുക എന്ന ലക്ഷ്യത്തോടെയുള്ള 'Be the number one' ക്യാമ്പയിന്റെ പ്രഖ്യാപനവും ഈ ചടങ്ങിൽ മുഖ്യമന്ത്രി നിർവ്വഹിച്ചു.

ഉദ്ഘാടന ചടങ്ങിൽ സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. വി. എൻ. വാസവൻ അധ്യക്ഷത വഹിച്ചു. കേരള ബാങ്കിന്റെ പ്രചോദന ഗീതത്തിന്റെ പ്രകാശനം ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. ജി.ആർ. അനിൽ നിർവഹിച്ചു. പ്രചോദന ഗീതത്തിന്റെ രചയിതാവിനും സംഗീത സംവിധായകനും ഗതാഗതവകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു ഉപഹാരം നൽകി.

'Be the number one' ക്യാമ്പയിൻ ലോഗോ പ്രകാശനം സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി IAS നിർവ്വഹിച്ചു. സഹകരണ സംഘം രജിസ്ട്രാർ ശ്രീ. പി.ബി. നൂഹ് IAS വിദ്യാനിധി നിക്ഷേപ പദ്ധതിയിൽ അംഗങ്ങളായ കുട്ടികൾക്ക് പാസ്സ് ബുക്കും, വിദ്യാനിധി ബോക്സും വിതരണം ചെയ്തു.

ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ, ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. പി.എസ്. രാജൻ, ചീഫ് ജനറൽ മാനേജർ ശ്രീ. കെ.സി. സഹദേവൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

## കോവിഡ് പ്രതിസന്ധി മറികടക്കാൻ കേരള ബാങ്കിന്റെ ഈട് രഹിത വായ്പ



കേരള ബാങ്കിന്റെ സുവിധ പ്ലസ് വായ്പയുടെ ഉദ്ഘാടനം സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ.വി.എൻ വാസവൻ നിർവഹിക്കുന്നു.

കോവിഡും കാലവർഷക്കെടുതിയും സൃഷ്ടിച്ച പ്രസിന്ധികളെ മറികടക്കാൻ കേരള ബാങ്കിന്റെ ഈട് രഹിത വായ്പ. 'കെബി സുവിധ പ്ലസ്' വായ്പാ പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം കേരളാ ബാങ്കിന്റെ കോഴിക്കോട് റീജണൽ ഓഫീസിൽ നടന്ന ചടങ്ങിൽ സഹകരണ രജിസ്ട്രേഷൻ വകുപ്പ മന്ത്രി ശ്രീ.വി.എൻ. വാസവൻ നിർവഹിച്ചു. കേരളാ ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. ഈട് ഇല്ലാതെ അഞ്ചു ലക്ഷം രൂപ വരെ വായ്പ നൽകുന്നതാണ് പദ്ധതി.

കോവിഡ് 19, കാലവർഷ കെടുതി എന്നിവ കാരണം പ്രതിസന്ധിയിലായ ഉദ്പാദന, സേവന, വിപണന മേഖലയിലെ സൂക്ഷ്മ -ചെറുകിട - ഇടത്തരം സംരംഭകർക്കും ബസുടമകൾക്കും സുവിധ പ്ലസ് വായ്പ ലഭിക്കും. ഇരുചക്ര വാഹനം ഉൾപ്പെടെയുള്ള ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നവർക്കും പ്രസ്തുത വായ്പ ലഭ്യമാകും. വ്യാപാരികളുടെയും സംരംഭകരുടെയും വരുമാനം വർധിപ്പിക്കുന്നതിനും പ്രതിസന്ധിയിൽ നിന്ന് കൈപിടിച്ചുയർത്തുന്നതിനുമാണ് സുവിധ പ്ലസ് പദ്ധതി ആവിഷ്ക്കരിച്ചതെന്ന് മന്ത്രി ശ്രീ. വാസവൻ പറഞ്ഞു. ഒമ്പത് ശതമാനം പലിശക്ക് 60 മാസ കാലയളവിലേക്കാണ് വായ്പ നൽകുക. പലിശയിൽ നാല് ശതമാനം സർക്കാർ സബ്സിഡി നൽകും. തത്വത്തിൽ അഞ്ചു ശതമാനം പലിശയെ ഉപഭോക്താവിന് വഹിക്കേണ്ടി വരുന്നുള്ളൂ. സർക്കാർ പ്രഖ്യാപിച്ച 50 കോടിയുടെ പ്രത്യേക പാക്കേജ് പ്രകാരമാണ് പലിശയിളവ് അനുവദിക്കുന്നത്. ആറ് പേർക്കായി 13,20,000 രൂപ വായ്പയായി ഉദ്ഘാടന ചടങ്ങിൽ വിതരണം ചെയ്തു.

NABARD
Published with assistance from NABARD under Co-operative Development Fund

# സഹകരണ വാരാഘോഷം: സംസ്ഥാനതല പരിപാടികൾ





അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹു: മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ തിരുവനന്തപുരത്തു ഓൺലൈനായി നിർവഹിച്ചു. സഹകരണ വകുപ്പ് മന്ത്രി, ശ്രീ. വി.എൻ. വാസവൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ശ്രീ.ഡി. സുരേഷ്കുമാർ, ശ്രീ. കടകംപള്ളി സുരേന്ദ്രൻ MLA, കേരള ബാങ്ക് പ്രസിഡന്റ്, ശ്രീ.ഗോപി കോട്ടുമുറിയ്ക്കൽ, സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ, ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ, കൺസ്യൂമർഫെഡ് ചെയർമാൻ, ശ്രീ. എം.മെഹമൂബ്, ശ്രീ. കരകുളം കൃഷ്ണപിള്ള, ശ്രീ.സി.പി.ജോൺ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

### സമാപന സമ്മേളനം

സമാപന സമ്മേളനം കോഴിക്കോട് ഇരിങ്ങൽ സർഗാലയയിൽ സഹകരണ വകുപ്പ് മന്ത്രി, ശ്രീ.വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു.

# കേരള ബാങ്ക് ഹെഡ് ഓഫീസിലെ സഹകരണ വാരാഘോഷം

അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ ഭാഗമായി കേരള ബാങ്ക് ഹെഡ് ഓഫീസിൽ ബാങ്ക് ഡയറക്ടർ അഡ്വ: എസ് ഷാജഹാൻ സഹകരണ പതാക ഉയർത്തി.

അഡ്വ: എസ്. ഷാജഹാന്റെ നേതൃത്വത്തിൽ സഹകരണ പ്രതിജ്ഞ എടുത്തു. ചടങ്ങിൽ സംബന്ധിച്ചവർ സഹകരണ പ്രതിജ്ഞ ഏറ്റു ചൊല്ലി. അഡ്വ: ഷാജഹാൻ, ബാങ്ക് സി.ഇ. ഒ, ശ്രീ.പി.എസ്. രാജൻ, സംസ്ഥാന സഹകരണ ബാങ്ക് മുൻ ഡയറക്ടർ, ശ്രീമതി.വി.പി. ജാനകി തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

'സമ്പൽ സമൃദ്ധി സഹകരണത്തിലൂടെ' എന്നതാണ് ഇക്കൊല്ലത്തെ സഹകരണ വാരാഘോഷത്തിന്റെ പ്രമേയം.



അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ ഭാഗമായി കേരള ബാങ്ക് ഹെഡ് ഓഫീസിൽ ബാങ്ക് ഡയറക്ടർ അഡ്വ. എസ്. ഷാജഹാൻ സഹകരണ പ്രതിജ്ഞ ചൊല്ലുന്നു.



അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ ഭാഗമായി കേരള ബാങ്ക് ഹെഡ് ഓഫീസിൽ ബാങ്ക് ഡയറക്ടർ അഡ്വ. എസ്. ഷാജഹാൻ സഹകരണ പതാക ഉയർത്തുന്നു.

## കേരള ബാങ്കിന്റെ കാൾ സെന്റർ ഉദ്ഘാടനം ചെയ്തു



കേരള ബാങ്കിന്റെ കാൾ സെന്റർ പ്രവർത്തനം ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടുമുറിയ്ക്കൽ ആദ്യ ഫോൺ കാൾ ചെയ്തു ഉദ്ഘാടനം ചെയ്യുന്നു

കേരള ബാങ്കിന്റെ ശാഖകളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ള ഇടപാടുകാരെ ബന്ധപ്പെടുന്നതിനും കുടിശ്ശികയെ കുറിച്ചുള്ള അറിയിപ്പുകൾ നൽകുന്നതിനുമായി ബാങ്ക് ഹെഡ് ഓഫീസ് കേന്ദ്രീകരിച്ച് കാൾ സെന്റർ (Call Centre) പ്രവർത്തനം ആരംഭിച്ചു. സെന്ററിന്റെ ഉദ്ഘാടനം ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടുമുറിയ്ക്കൽ നിർവ്വഹിച്ചു. ബാങ്ക് വൈസ് പ്രസിഡന്റ്, ശ്രീ.എം.കെ. കണ്ണൻ, ഭരണസമിതി അംഗങ്ങൾ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ.പി.എസ്. രാജൻ, ജനറൽ മാനേജർമാരായ ശ്രീ.സുനിൽ ചന്ദ്രൻ സി, ശ്രീ. ജിൽസ്മോൻ ജോസ് എന്നിവർ സംസാരിച്ചു.

## പട്ടികവർഗ വിഭാഗക്കാർക്കെല്ലാം ബാങ്ക് അക്കൗണ്ട്; കാമ്പയിൻ ആരംഭിച്ചു.




പട്ടികവർഗ വിഭാഗക്കാർക്ക് ബാങ്കിംഗ് ഇടപാടുകളെക്കുറിച്ച് അറിവ് നൽകുക, ബാങ്ക് അക്കൗണ്ടില്ലാത്ത ജില്ലയിലെ മുഴുവൻ പട്ടിക വർഗക്കാർക്കും അക്കൗണ്ട് ലഭ്യമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളുമായി കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രത്യേക കാമ്പയിൻ തുടങ്ങി. ബാങ്ക് അക്കൗണ്ടില്ലാത്തതിനാൽ സർക്കാർ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് പട്ടിക വർഗവികസന വകുപ്പിന്റെ സഹകരണത്തോടെ കോളനികളിൽ നേരിട്ടെത്തി അക്കൗണ്ട് നൽകുന്ന ക്യാമ്പുകൾക്ക് കേരള ബാങ്ക് തുടക്കം കുറിച്ചത്. കാമ്പയിന്റെ ഭാഗമായി കേരള ബാങ്ക് കോഴിക്കോട് റീജിയണൽ ഓഫീസിലെ എഫ്.എൽ.സി യുടെ നേതൃത്വത്തിൽ ജില്ലയിലെ മുഴുവൻ പട്ടിക വർഗ കോളനികളിലും പ്രത്യേക ക്യാമ്പുകൾ നടത്തി വിദ്യാർത്ഥികൾ ഉൾപ്പെടെ എല്ലാവർക്കും ബാങ്ക് അക്കൗണ്ട് നൽകിക്കൊണ്ടിരിക്കുകയാണ്. കാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം തിരുവമ്പാടി മുത്തപ്പൻപുഴ കോളനിയിൽ തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മെഴ്സി പുളിക്കാട്ട് നിർവഹിച്ചു. വാർഡ് മെമ്പർ ശ്രീമതി. മഞ്ജു ഷിബിൻ അധ്യക്ഷതവഹിച്ചു. ഗ്രാമപഞ്ചായത്തംഗം ശ്രീ. രാജു അമ്പലത്തിങ്കൽ, കോടഞ്ചേരി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.എ. ഷമീർ, കേരള ബാങ്ക് കുന്ദമംഗലം ഏരിയാ മാനേജർ ശ്രീ.വി.കെ. അജിത്കുമാർ, അഗ്രികൾച്ചറൽ ഓഫീസർ ശ്രീ. ടി. ശ്രീജേഷ്, പബ്ലിക് റിലേഷൻസ് ഓഫീസർ ശ്രീ.സി. സഹദ്, എഫ്.എൽ.സി കൗൺസിലർമാരായ ശ്രീമതി.ജി പ്രീത, ശ്രീമതി.ആർ. ഹരിത, കോളനി മൂപ്പൻ ശ്രീ.ബാലൻ അറ്റത്ത് എന്നിവർ പ്രസംഗിച്ചു. കേരള ബാങ്ക് തിരുവമ്പാടി ശാഖയിലെ അക്കൗണ്ടന്റ് ശ്രീ.വി.പി. ബിജിൽ, അപ്രൈസർ ശ്രീ.വി. രതീഷ്, സോഷ്യൽ വർക്കർ ശ്രീ.എ.ജെ. ചിഞ്ചു, ട്രൈബൽ പ്രമോട്ടർമാരായ ശ്രീ.ശ്യാം കിഷോർ, ശ്രീമതി.കെ.ആർ. ഷീജ എന്നിവർ നേതൃത്വം നൽകി. തിരുവമ്പാടി ഓടപ്പൊയിൽ, ഓളിക്കൽ കോളനികളിലും ക്യാമ്പുകൾ നടന്നു.

# കേരള ബാങ്ക് വിദ്യാനിധി നിക്ഷേപ പദ്ധതി: ഒറ്റ ദിവസം കൊണ്ട് 30,000-ൽ അധികം അക്കൗണ്ടുകൾ



കേരള ബാങ്ക് കുട്ടികൾക്കായുള്ള വിദ്യാനിധി നിക്ഷേപ പദ്ധതിയിൽ അക്കൗണ്ട് തുറന്ന കുട്ടിക്ക് സഹകരണ സംഘം രജിസ്ട്രാർ, ശ്രീ.പി.ബി.നൂഹ്, ഐ.എ.എസ് വിദ്യാനിധി ക്യാഷ് ബോക്സ് നൽകുന്നു. സഹകരണ, രജിസ്ട്രേഷൻ മന്ത്രി ശ്രീ.വി.എൻ. വാസവൻ, ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ, ബാങ്ക് സി.ഇ.ഒ, ശ്രീ.പി.എസ്. രാജൻ എന്നിവർ സമീപം.

ബഹു: മുഖ്യമന്ത്രി, ശ്രീ. പിണറായി വിജയൻ 29.11.21-ന് ഉദ്ഘാടനം ചെയ്ത കേരള ബാങ്കിന്റെ കുട്ടികൾക്കായുള്ള വിദ്യാനിധി നിക്ഷേപ പദ്ധതിയ്ക്ക് ഒറ്റ ദിവസം തന്നെ 30,000-ൽ അധികം അക്കൗണ്ടുകൾ വിവിധ ശാഖകൾ വഴി ലഭിച്ചു.




സഹകരണ വകുപ്പ് മന്ത്രി, ശ്രീ. വി.എൻ. വാസവൻ കേരള ബാങ്ക് ഹെഡ്ഓഫീസിൽ വിദ്യാനിധി നിക്ഷേപ പദ്ധതിയെ കുറിച്ച് നടത്തിയ പത്രസമ്മേളനം

# വർഗീസ് കുര്യൻ ജന്മശതാബ്ദി



26 നവംബർ 1921---9 സെപ്റ്റംബർ 2012

ഇന്ത്യൻ ധവള വിപ്ലവ ശിൽപി. കയ്റ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് മിൽക് പ്രൊഡ്യൂസേഴ്സ് യൂണിയൻ എന്ന പാലുൽപാദക സഹകരണ സംഘത്തെ അമുൽ എന്ന രാജ്യത്തെ ഏറ്റവും വലിയ ഫുഡ് ബ്രാൻഡായി മാറ്റി. മഗ്സസെ അവാർഡ്, പത്മവിഭൂഷൺ തുടങ്ങി ആദരവുകൾ ഏറ്റുവാങ്ങി.



വിദ്യാനിധി നിക്ഷേപ പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ വിദ്യാനിധി പാസ്ബുക്കുമായി കുട്ടികൾ

# കവിത സിഡി പ്രകാശനം ചെയ്തു




ശ്രീ. എ. പ്രദീപ്കുമാർ, പൂതാടി (കേരള ബാങ്ക് ഹെഡ് ഓഫീസ്) രചിച്ച് ശ്രീ. മധു ചെറുതാഴം, കണ്ണൂർ ശബ്ദം നൽകിയ "കരുത്തനായ കപ്പിത്താൻ" എന്ന കവിതയുടെ സിഡി പ്രകാശന കർമ്മം 29.11.2021-ന് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ ബഹു: സഹകരണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി, ശ്രീ. വി.എൻ. വാസവൻ നിർവ്വഹിച്ചു.

# സഹകരണ വാർത്തകൾ

- ജില്ലാ സഹകരണ ബാങ്കുകളുടെ ലയനത്തിന് പഞ്ചാബ് സർക്കാർ കേരള മാതൃകയാണ് സ്വീകരിക്കുന്നതെന്ന് സഹകരണ മന്ത്രി, ശ്രീ. വി.എൻ. വാസവൻ നിയമസഭയിൽ പറഞ്ഞു. അവർ കേരളത്തിൽ നിന്ന് രേഖകൾ വാങ്ങിയിരുന്നു. കേരളത്തെ മാതൃകയാക്കാൻ റിസർവ്വ് ബാങ്കിന്റെ രേഖയിൽ നിർദ്ദേശിച്ചിരുന്നതായി മന്ത്രി പറഞ്ഞു.
- ക്ഷീര സഹകരണ മേഖലയിൽ ഘടനാപരമായ മാറ്റം നിർദ്ദേശിക്കുന്ന 2021-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) നിയമസഭ ഏകകണ്ഠമായി പാസാക്കി. മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാനുള്ള വ്യവസ്ഥകൾ ബില്ലിലുണ്ട്.
- കേരള ബാങ്കുമായി ചേർന്ന് മത്സ്യ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തി ഇടനിലക്കാരുടെ ചൂഷണം തടയുമെന്ന് ഫിഷറീസ് മന്ത്രി, ശ്രീ. സജി ചെറിയാൻ പറഞ്ഞു. ലോക മത്സ്യദിനാചരണ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.
- സഹകരണ പ്രസ്ഥാനത്തിന്റെ ആരംഭം മുതലുള്ള ചരിത്രവും ചിത്രങ്ങളും ഉൾക്കൊള്ളിച്ച സഹകരണ ചരിത്ര ലേഖന പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനം തിരുവനന്തപുരം ജഗതിയിലെ ജവാഹർ സഹകരണ ഭവനിൽ സഹകരണ മന്ത്രി, ശ്രീ. വി.എൻ. വാസവൻ നിർവഹിച്ചു.
- സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുന്ന Cooperative Audit Monitoring & Information System (CAMIS) സഹകരണ മന്ത്രി, ശ്രീ. വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു.

# Transforming Villages.
# Ensuring Prosperity.






NABARD

**Development Bank of the Nation**

www.nabard.org /nabardonline

Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.P.O, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905